# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.574 | 23.05.2017-ൽ മറുപടിയ്ക്ക് |
|---|---|

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ മാലിന്യശേഖരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എൻ. ഷംസുദ്ദീൻ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക്, ഗ്ലാസ്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക്, ഗ്ലാസ്സ്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ക്ലീൻ കേരള കമ്പനി മുഖേനയും ഷ്രഡഡ്സ് പ്ലാസ്റ്റിക്കും, ഇ-വേസ്റ്റും ശേഖരിച്ച് വരുന്നു. |
| (ബി) | എങ്കിൽ ഇവ പുനരുപയോഗക്ഷമമാക്കുന്നതിനുള്ള റീ-സൈക്ലിംഗ് പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | റീ-സൈക്ലിംഗ് പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. സംസ്ഥാനത്ത് റീസൈക്ലിംഗ് പാർക്കുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഉത്പാദകർ, ബ്രാൻഡ് ഓണർമാർ, ഡീലർമാർ എന്നിവരുടെ പങ്കാളിത്തത്തോടു കൂടി നിക്ഷേപക സംഗമം നടത്തി. ഇവരിൽ നിന്നും നിക്ഷേപം ഉറപ്പാക്കി റീസൈക്ലിംഗ് പാർക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം മാലിന്യങ്ങൾ ശേഖരിച്ച് ഡിസ്പോസ് ചെയ്യുന്നതിനുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സന്നദ്ധമാക്കുമോ? | (സി) | എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതികസഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ